ആകെയുള്ള 1.43 ഏക്കറിൽ നിന്ന് 1.36 ഏക്കർ സ്ഥലം പഴയ ഉടമയ്ക്ക് നൽകുവാൻ സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിനെതിരെ പേരാംപ്ര ഗ്രാമ പഞ്ചായത്ത് ഹൈക്കോടതിയിൽ നിന്ന് സ്റ്റേ സമ്പാദിക്കുകയുണ്ടായി. പ്രസ്തുത സ്റ്റേ ഇപ്പോഴും നിലവിലുണ്ട്. അതിനാൽ വിധിന്യായം ലഭിച്ചതിനുശേഷമേ അന്തിമ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

## നെല്ലനാട് വില്ലേജിലെ പാറമട

8 [3528] *ശ്രീ. പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ നെല്ലനാട് വില്ലേജിലുള്ള കോട്ടുകുന്നം മലയിലെ സർക്കാർവക പാറ തരിശ് ഉൾപ്പെടെയുള്ള ഭാഗത്ത് ക്രഷർ ഫാക്ടറി സ്ഥാപിക്കാൻ ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു തീരുമാനം എടുത്തു;

(സി) നെല്ലിനാട്, വാമനപുരം പഞ്ചായത്തുകളുടെ പ്രധാന നീർത്തടത്തിന്റെ ഉറവിട സ്ഥാനമായ ഈ മലയോര പ്രദേശത്തിന്റെ പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് ഈ പ്രദേശത്ത് പാറപൊട്ടിക്കൽ അനുവദിക്കാതിരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

*ഉത്തരം*

(എ) & (ബി) ഇല്ല.

(സി) ശ്രീ. അബ്ദുൽ സലാം. കൊച്ചു കോയിക്കൽ, മുകുന്ദപുരം പി. ഒ. ചവറ എന്നയാൾക്ക് നെടുമങ്ങാട് താലൂക്കിലെ നെല്ലനാട് വില്ലേജിൽ കോട്ടുകുന്നത്ത് ബ്ലോക്ക് നമ്പർ 26-ൽ റീ സർവെ 65/3/, 65/13 എന്നീ സർവെ നമ്പരുകളിൽപ്പെട്ട സ്വന്തം പുരയിടത്തിൽ നിന്നും 22-1-2005 മുതൽ 21-3-2005 വരെയുള്ള കാലാവധിക്ക് 294/2004-05/52/ഡി.ഒ.റ്റി/ഇ.എം./2005-ാം നമ്പരായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും 200 മെ. ടൺ പാറ ഖനനം ചെയ്യുന്നതിന് ക്വാറിയിങ് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ഈ പെർമിറ്റ് നൽകിയിരുന്നത് മലയോര പ്രദേശത്തല്ല. പരിസ്ഥിതി പ്രശ്നങ്ങൾ ഒന്നും ഉണ്ടാവാൻ സാദ്ധ്യതയില്ല എന്നതിനാലാണ് ഇടക്കാല പെർമിറ്റ് ചെറിയ അളവിൽ അനുവദിച്ചിരിക്കുന്നത്.

## സ്പോർട്ട്സ് വികസനത്തിനായി സ്ഥലം നൽകുവാൻ നടപടി

9 [3529] *ശ്രീ. പി. സി. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് സർക്കാർവക സ്ഥലങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly